# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1695** **04.12.2018-ൽ മറുപടിയ്ക്ക്**

## ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണത്തിന് അധിക ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| എ | തിരുവനന്തപുരം നഗരസഭ കാട്ടായിക്കോണം വാർഡിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണത്തിന് അധിക തുക അനുവദിക്കണമെന്ന കാണിച്ച് ശ്രീമതി. സിന്ധു (കൊക്കറപ്പറമ്പിൽ വീട്, ചുണ്ടത്തിൽ പി.ഒ, കാര്യവട്ടം) തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിക്ക് നൽകിയ 2746756/2018 നമ്പർ പരാതിയിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | എ & ബി | ശ്രീമതി. സിന്ധുവിന് ഒന്നാം ഗഡുവായി 20,000/- രൂപയും രണ്ടാം ഗഡുവായി 60,000/- രൂപയും, മൂന്നാം ഗഡുവായി 60,000/- രൂപയും, നാലാം ഗഡുവായി 40,000/- രൂപയും തിരുവനന്തപുരം നഗരസഭയിൽ നിന്നും നൽകിയിട്ടുണ്ട് തുടർന്ന് പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്ന ലൈഫ് മിഷന്റെ ഒന്നാംഘട്ട പ്രകാരം വാങ്ങിയ തുകയ്ക്ക് പുറമെ വാങ്ങാനുള്ള വർദ്ധിപ്പിച്ച തുകയായ 40,000/- രൂപ 17.08.2018 ൽ നൽകിയിട്ടുണ്ട്. |
| ബി | 2016-2017 കാലഘട്ടത്തിൽ ശ്രീമതി സിന്ധുവിന് വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചതെന്നതിനാൽ ഈ തുക കൊണ്ട് വീട് പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല എന്നതും മന്ത്രിക്ക് പരാതി നൽകുമ്പോൾ പ്രസ്തുത തുകയുടെ അവസാന ഗഡു വാങ്ങിയിട്ടില്ല എന്നതും ഇക്കാര്യത്തിൽ സർക്കാർ പരിഗണിച്ചിട്ടുണ്ടോ; | | |
| സി | വിവിധ സർക്കാർ ഭവനപദ്ധതികളിൽ അനുവദിച്ചതും പണി പൂർത്തിയാക്കാനാവാത്തതുമായ വീടുകൾക്ക് ലൈഫിൽ ഉൾപ്പെടുത്തി അധിക ധനസഹായം നൽകുമെന്ന ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | സി | ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു |
| ഡി | തിരുവനന്തപുരം നഗരസഭ ലൈഫ് | ഡി | ലൈഫ് മിഷന്റെ പൂർത്തീകരിക്കാത്ത |

| | | | |
|---|---|---|---|
| | പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം എത്ര പൂർത്തിയാകാത്ത വീടുകൾക്ക് ധനസഹായം നൽകി എന്നറിയിക്കാമോ; കാട്ടായിക്കോണം വാർഡിൽ ആർക്കൊക്കെ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | | വീടുകൾക്ക് പൂർത്തീകരണത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി പ്രകാരം തിരുവനന്തപുരം നഗരസഭയിൽ 3523 പേർക്ക് അധിക ധനസഹായം നൽകിയിട്ടുണ്ട്. കാട്ടായിക്കോണം വാർഡിൽ നിലവിൽ 5 ഗുണഭോക്താക്കൾക്കാണ് കൂടിയ തുക നൽകിയിട്ടുള്ളത്. |
| ഇ | ശ്രീമതി.സിന്ധുവിന് അധിക ധനസഹായം നൽകുന്നതു സംബന്ധിച്ച് തിരുവനന്തപുരം നഗരസഭ സർക്കാരിന് മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ഇ | ഇല്ല. |
| എഫ് | ശ്രീമതി.സിന്ധു തിരുവനന്തപുരം നഗരസഭയിൽ നൽകിയ 23/7/2018 ലെ 85440 നമ്പർ പരാതിയിൽ നഗരസഭ നടപടി സ്വീകരിക്കുവാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; ഈ പരാതിയിൽ നഗരസഭ സ്വീകരിച്ച നടപടി സംബന്ധിച്ച് കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | എഫ് | ശ്രീമതി.സിന്ധു തിരുവനന്തപുരം നഗരസഭയിൽ നൽകിയ അപേക്ഷയിൽ ടിയാന്റെ ഭർത്താവിന്റെ മാതാവായ ശ്രീമതി.ലീലയ്ക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 2,20,000/- രൂപ അനുവദിച്ച് സിന്ധുവിന്റെ വീട് പൂർത്തീകരിക്കുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടി അപേക്ഷ പരിഗണിക്കാൻ കഴിയാത്തതിനാൽ ടി വിവരം കാണിച്ച് ശ്രീമതി.സിന്ധുവിന് നഗരസഭ 02.08.2018-ന് മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ(എം.എസ്) നം.196/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 11.10.2017

---

വായന :- 1) 31.07.2017 ലെ സ.ഉ(എം.എസ്) നം. 151/2017/തസ്വഭവ നമ്പർ ഉത്തരവ്

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04/10/2017 -ലെ LF/01(03)/2017 നമ്പർ കുറിപ്പ്.

## ഉത്തരവ്

മുകളിൽ വായിച്ച ഉത്തരവിന്റെ തുടർച്ചയായി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്, തിരുവനന്തപുരം
കമ്മീഷണർ & സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ
ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേമ്പർ
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും

# പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

## I. ആമുഖം

2015–16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടും വ്യത്യസ്ഥ കാരണങ്ങളാൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് അവരുടെ സ്വപ്ന ഭവനങ്ങൾ യാഥാർത്ഥ്യമാക്കുക എന്നുള്ളതാണ് ലൈഫ് മിഷന്റെ ആദ്യവർഷത്തെ (2017–18) ലക്ഷ്യം. ആയത് 2018 മാർച്ച് 31–ന് മുമ്പായി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ഇത്തരത്തിലുള്ള ഭവനങ്ങൾ കണ്ടെത്തുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമായി സംസ്ഥാന ലൈഫ് മിഷൻ തയ്യാറാക്കിയ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യപ്പെട്ട കുടുംബങ്ങൾക്ക് തങ്ങളുടെ പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിച്ച് വാസയോഗ്യമാക്കി നൽകണമെങ്കിൽ നിലവിൽ സർക്കാരിന് നൽകാൻ കഴിയുന്ന സാമ്പത്തിക സഹായത്തിന് പുറമെ ബഹുജനപങ്കാളിത്തത്തോടെയുള്ള ഒരു ജനകീയ ഇടപെടൽകൂടി സാദ്ധ്യമാക്കേണ്ടതുണ്ട്. 2018 മാർച്ച് 31–ന് മുമ്പായി പ്രസ്തുത ലക്ഷ്യം കൈവരിക്കണമെങ്കിൽ വിപുലമായ ആസൂത്രണവും ജനകീയ പങ്കാളിത്തവും അനിവാര്യവുമാണ്.

## II. പൂർത്തീകരിക്കാത്ത ഭവനങ്ങൾ

ഉറപ്പുള്ള ഭിത്തിയിൽസ്ഥിരമായ മേൽക്കൂര ഉള്ളതും അടച്ചുറപ്പുള്ള വാതിലുകളോടും കൂടിയതുമായ വീടാണെങ്കിൽ അതിനെ വാസയോഗ്യമായ ഭവനം ആയി കണക്കാക്കാവുന്നതാണ്.

1. സ്വന്തമായി ഭൂമിയുള്ളവരും, വീടിനായി ഏതെങ്കിലും സർക്കാർധനസഹായ പദ്ധതിയുടെ ഗുണഭോക്താക്കളായി 2016 മാർച്ച് 31-ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ഇതര വകുപ്പുകളുമായോ കരാറിൽ ഏർപ്പെടുകയോ ആനുകൂല്യം കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിക്കുകയോ, ചെയ്തെങ്കിലും വിവിധ കാരണങ്ങളാൽപൂർത്തീകരിക്കാത്ത ഭവനം ഉള്ളവരേയുമാണ് ഈ വിഭാഗത്തിൽ ഗുണഭോക്താക്കളായി പരിഗണിക്കുന്നത്.

2. വീടുകളുടെ സാങ്കേതിക പ്രശ്നങ്ങൾ പ്രത്യേകം പട്ടികപ്പെടുത്തുകയും പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. ഭൗതികമായി പൂർത്തീകരിച്ചിട്ടുള്ളതും എന്നാൽ സാങ്കേതിക കാരണങ്ങളാൽ തുക കൈമാറിയിട്ടില്ലാത്തതുമായ ഭവനങ്ങളെ പൂർത്തിയാക്കാത്ത ഭവനമായി കണക്കാക്കേണ്ടതില്ല. ഇത്തരം വീടുകളെ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പട്ടികയിൽനിന്നും ഒഴിവാക്കാവുന്നതാണ്.

4. വിവിധ വകുപ്പു പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നടപ്പിലാക്കിയ പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ പ്രകാരം നൽകിയിട്ടുള്ളതും 2016 മാർച്ച് 31-നകം പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ www.lifephase1.org എന്ന വെബ്സൈറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആയതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലോഗിൻ ഐ.ഡിയും പാസ്‌വേർഡും നൽകിയിട്ടുള്ളതാണ്. ഇപ്രകാരമുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡൗൺലോഡ് ചെയ്ത് ഖണ്ഡിക IV (ബി)-യിൽ പരാമർശിക്കുന്ന തദ്ദേശസ്വയംഭരണ ഉപസമിതികൾക്ക് പരിശോധനയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈമാറേണ്ടതാണ്. ഡേറ്റാ ബേസിൽ ഉൾപ്പെട്ട വ്യക്തികളെ മാത്രമെ ഗുണഭോക്താക്കളായി പരിഗണിക്കുകയുള്ളൂ.

## III. ഭവനത്തിന്റെ വലിപ്പം

നിർമ്മാണം പൂർത്തിയാക്കുന്നതിന് ആനുകൂല്യം നൽകുന്നതിനായി ഭാഗിക നിർമ്മാണം നടത്തിയ ഭവനങ്ങളുടെ പരമാവധി തറ വിസ്തീർണ്ണം (പ്ലിന്ത് ഏരിയ) 400 ചതുരശ്ര അടിയായി നിജപ്പെടുത്തുന്നു. പരമാവധി 400 ചതുരശ്രയടി പ്ലിന്ത് ഏരിയ വരുന്ന ഭവനം അഥവാ ഭവനഭാഗം (അടുക്കള, പൊതു ഉപയോഗ ഹാൾ, കുറഞ്ഞത് ഒരു കിടപ്പുമുറി, ശുചിമുറി എന്നിവ ഉൾപ്പെടുന്നത്) പൂർത്തീകരിക്കുന്നതിനുള്ള ധനസഹായമാണ് മിഷൻ നൽകുന്നത്. എന്നാൽ ഏതെങ്കിലും ഒരു ഭവനത്തിന്റെ പൂർത്തീകരണത്തിന് 400-ലധികം വിസ്തീർണ്ണം പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാകുന്ന പക്ഷം അത്തരത്തിലും പൂർത്തീകരിക്കാവുന്നതാണ്. കൂടാതെ ഏതെങ്കിലും പദ്ധതിയിൽ

തറവിസ്തീർണ്ണം 400 ചതുരശ്ര അടിക്ക് മുകളിൽ അനുവദിച്ചിട്ടുള്ളപക്ഷം പ്രസ്തുത തറവിസ്തീർണ്ണത്തിൽ ഭവനം നിർമ്മിച്ച് തുടങ്ങിയവർക്കും ആനുകൂല്യം നൽകാവുന്നതാണ്.

## IV. പൂർത്തീകരണത്തിനുള്ള മാർഗ്ഗങ്ങൾ

(എ) യൂണിറ്റ് നിരക്ക് വർദ്ധിപ്പിച്ച് അതിന് ആനുപാതികമായ ധനസഹായം വർദ്ധിപ്പിച്ചു നൽകിയതുകൊണ്ട് മാത്രം പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമല്ല. അത്തരം വീടുകളുടെ പൂർത്തീകരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും ജില്ലാ തലത്തിലും കർമ്മ പദ്ധതി രൂപീകരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള കർമ്മ സമിതികൾക്കും, ജില്ലാതല കർമ്മ സമിതികൾക്കും ആണ് ഇതിന്റെ ചുമതല. ഓരോ ഗുണഭോക്താവിന്റെയും പ്രശ്നങ്ങൾ മനസ്സിലാക്കിവേണം വീട് പൂർത്തീകരണത്തിനുള്ള കർമ്മ പദ്ധതി തയ്യാറാക്കേണ്ടത്.

(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും പൂർത്തീകരിക്കാനുള്ള മുഴുവൻ ഭവനങ്ങളും സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഇതിനായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന അഞ്ചംഗങ്ങളുള്ള ഒരു ഉപസമിതിയെ രൂപീകരിക്കേണ്ടതാണ്. ഈ റിപ്പോർട്ടിൻ പ്രകാരമാകണം നേരിട്ട് നിർമ്മാണം നടത്താൻ കഴിയുന്നവർ/ കഴിയാത്തവർ എന്നിവരുടെ പട്ടിക അന്തിമമാക്കേണ്ടത്.

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി, പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി രണ്ട് മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

1. **ഗുണഭോക്താക്കൾ സ്വയം ഭവന നിർമ്മാണം പൂർത്തീകരിക്കൽ:**

   വിവിധ ഭവനപദ്ധതികളിൽ ആനുകൂല്യം കൈപ്പറ്റി പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് ആനുപാതിക തുക നേരിട്ട് നൽകി പ്രവൃത്തി പൂർത്തീകരിക്കാൻ അവസരം നൽകുക. (അനുബന്ധം I-ൽ പറയുന്ന രീതിയനുസരിച്ചുള്ള പുതുക്കിയ നിരക്കിന്റെ മാതൃക അവലംബിക്കാവുന്നതാണ്). തദ്ദേശസ്വയംഭരണ സ്ഥാപനതല കർമ്മ സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഭവനനിർമ്മാണം വാസയോഗ്യമായി എന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രമെ അവസാന ഗഡു വിതരണം ചെയ്യേണ്ടതുള്ളൂ.

2. <u>നേരിട്ട് ഭവനം പൂർത്തീകരിക്കാൻ കഴിയാത്ത ഗുണഭോക്താക്കൾ :</u>

അവശർ, നിരാലംബർ, പുരുഷൻമാർ ആരുമില്ലാത്ത കുടുംബം, നിരാശ്രയ കുടുംബം, സമാന രീതിയിലുള്ള മറ്റ് കുടുംബങ്ങൾ എന്നിവർക്ക് അധികതുക നൽകിയാലും, മാനവശേഷിയില്ലാത്തതിനാൽ, നിർമ്മാണ സാമഗ്രികൾ, ജോലിക്കാർ എന്നിവരെ ഉപയോഗിച്ച് പണി നടത്താൻ കഴിയുകയില്ല. ഇവർക്ക് സമൂഹത്തിന്റെ പിന്തുണ ആവശ്യമാണ്, ആയതിനാൽ സാമൂഹിക പ്രതിബദ്ധതയോടെ വേണം ഇവരെ തെരഞ്ഞെടുക്കേണ്ടത്. തുക നേരിട്ട് നൽകിയാൽ ഒരു കാരണവശാലും പൂർത്തീകരിക്കാൻ കഴിയില്ലായെന്ന് ഉപസമിതി റിപ്പോർട്ട് ചെയ്യുകയും ഭരണ സമിതിക്ക് അത്തരത്തിൽ ബോധ്യപ്പെടുന്നവരെയും മാത്രമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ വിഭാഗത്തിൽപെടുത്താവൂ. ഇത്തരത്തിലുള്ള ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താഴെപ്പറയുന്ന പ്രവർത്തന രീതി അവലംബിക്കാവുന്നതാണ്.

<u>ഏജൻസികളെ ഉപയോഗിച്ചുള്ള പൂർത്തീകരണം.</u>

നേരിട്ട് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയില്ലായെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതിക്ക് ബോധ്യമുള്ള ഗുണഭോക്താക്കളുടെ ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമൂഹ്യ പ്രതിബദ്ധതയുള്ള ഏജൻസികളെ/കരാറുകാരെ ചുമതലപ്പെടുത്തി പൂർത്തിയാക്കാവുന്നതാണ്.

<u>ഏജൻസികളെ/കരാറുകാരെ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ :-</u>

- സർക്കാർ രജിസ്ട്രേഷൻ ഉള്ള എല്ലാ ക്ലാസ് കരാറുകാരെയും ഏജൻസികളേയും പരിധിക്ക് അനുസരിച്ച് പ്രവൃത്തി ഏൽപ്പിക്കാവുന്നതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഉൾപ്പെട്ട കരാറുകാർക്ക്/ ഏജൻസികൾക്ക് മുൻഗണന നൽകാവുന്നതാണ്.
- മാന്വൽ ടെൻഡർ / ക്വട്ടേഷൻ വഴി പ്രവൃത്തി ഏൽപ്പിക്കാവുന്നതാണ്. ഇതിനായി ഭരണസമിതികൾ കൃത്യമായ വിലയിരുത്തലുകൾ നടത്തേണ്ടതാണ്.
- കെട്ടിട നിർമ്മാണ രംഗത്തുള്ള ചെറുകിട നിർമ്മാതാക്കളുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്.

- ഒരു ഗുണഭോക്താവ് നേരിട്ട് നിർമ്മിക്കുമ്പോൾ ലഭ്യമാകുന്ന തുകയിൽ നിന്നും, അധികരിക്കാത്ത തുക മാത്രമെ നിർമ്മാണത്തിന് കരാറുകാരന്/ ഏജൻസിക്ക് നൽകുവാൻ പാടുള്ളൂ.
- പൂർത്തീകരിക്കുന്ന ഭവനത്തിന്റെ വലിപ്പം 400 ച. അടിയിൽ കുറയുവാൻ പാടുള്ളതല്ല. സ്ഥിരമായ മേൽക്കൂര (ഓല, ആസ്ബെറ്റോസ് ഷീറ്റ് എന്നിവ പാടില്ല) ഉണ്ടായിരിക്കേണ്ടതാണ്. നിർമ്മാണ സാമഗ്രികളുടെ നിലവാരം, പൊതുവായ വിവരണം (General specification) എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപന എൻജിനീയർ നിശ്ചയിച്ച് നൽകേണ്ടതാണ്.
- കുടിവെള്ളം, വൈദ്യുതി, ശുചിമുറി, ഉറപ്പുള്ള വാതിൽ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
- പ്രവൃത്തികൾ സാമൂഹിക പ്രതിബദ്ധതയായി കണ്ട് കരാർ നൽകാൻ ശ്രമിക്കേണ്ടതാണ്. ലാഭം ലഭിക്കില്ല എന്ന കാരണത്താൽ കരാറുകാർ മാറി നിൽക്കാനുള്ള സാഹചര്യം ഒഴിവാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സ്ഥിരമായി കരാറെടുക്കുന്നവരെ ടി പദ്ധതിയിലും കരാറെടുപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കേണ്ടതാണ്.
- പരിസ്ഥിതി സൗഹൃദവും ചെലവ് കുറഞ്ഞതുമായ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന കരാറുകാർക്കും ഏജൻസികൾക്കും മുൻഗണന നൽകാവുന്നതാണ്.
- ഒരു ഏജൻസി/ കരാറുകാരന് പത്തിലധികം ഗുണഭോക്താക്കളുടെ നിർമ്മാണ ചുമതല നൽകാൻ പാടില്ല.
- കരാർ കാലാവധി പരമാവധി മൂന്ന് മാസത്തിൽ അധികരിക്കാൻ പാടില്ല. അഡ്വാൻസ് പേയ്മെന്റ് ഒരു കാരണവശാലും നൽകാൻ പാടില്ല.
- അക്രഡിറ്റഡ് ഏജൻസികൾക്ക് നിലവിലുള്ള മാനദണ്ഡം പാലിച്ചുകൊണ്ട് പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

നേരിട്ട് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്കായി വാർഡുതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും ചുവടെ ചേർക്കും പ്രകാരമുള്ള കർമ്മ പരിപാടി തയ്യാറാക്കാവുന്നതാണ്.

**i) കർമ്മ പരിപാടി (വാർഡുതലം)**

നേരിട്ട് ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താകളുടെ ഭവനം പൂർത്തീകരിക്കുന്നതിനാവശ്യമായ വിശദമായ സാങ്കേതിക രൂപരേഖ,

ധനസ്രോതസ്, നിർമ്മാണ സാമഗ്രികളുടെ ലഭ്യത, ജനകീയ പങ്കാളിത്തം എന്നിവ ഉൾപ്പെടുത്തിയുള്ള വിശദമായ മൈക്രോപ്ലാൻ ഓരോ വീടിനും തയ്യാറാക്കേണ്ടതാണ്. ഇതിനായി റ്റി.പി.റ്റി.എ അംഗങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപന അസിസ്റ്റന്റ് എൻജിനീയർ/പബ്ലിക് വർക്സ് ഓവർസീയർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർ, വാർഡ്തല കർമ്മസമിതി അംഗങ്ങൾ എന്നിവർ സംയുക്തമായി പൂർത്തീകരിക്കാത്ത വീടുകൾ സന്ദർശിച്ച് ഗുണഭോക്താക്കളുടെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തി ഓരോ വീടിനും മൈക്രോപ്ലാൻ തയ്യാറാക്കേണ്ടതാണ്. ഓരോ വീടിന്റെയും മൈക്രോ പ്ലാൻ തയ്യാറാക്കിയ ശേഷം ആയത് ക്രോഡീകരിച്ച് വാർഡ്തല പ്ലാൻ തയ്യാറാക്കേണ്ടതാണ്.

## ii) തദ്ദേശസ്വയംഭരണ സ്ഥാപനതല കർമ്മ പരിപാടി

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പൂർത്തീകരിക്കാത്ത ഓരോ വീടിനും (സ്വന്തമായി പൂർത്തിയാക്കാൻ കഴിയാത്ത) വാർഡ്തല കർമ്മസമിതി തയ്യാറാക്കുന്ന മൈക്രോ പ്ലാനുകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതല മൈക്രോപ്ലാൻ തയ്യാറാക്കേണ്ടതാണ്.

റ്റി.പി.റ്റി.എ അംഗങ്ങൾ, എൽ.എസ്.ജി.ഡി എൻജിനീയർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർ, തദ്ദേശസ്വയംഭരണ സ്ഥാപനതല കർമ്മ സമിതി അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ വാർഡ്തലത്തിലുള്ള മൈക്രോപ്ലാൻ ക്രോഡീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതല കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഈ റിപ്പോർട്ടിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തീകരിക്കാനവശേഷിക്കുന്ന വിവിധ ഘട്ടങ്ങളിലുള്ള വീട്, പൂർത്തീകരിക്കാനാവശ്യമായ ആകെ ധന സ്രോതസ്, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ലഭ്യമാക്കാൻ കഴിയുന്ന നിർമ്മാണ സാമഗ്രികൾ, തൊഴിലാളികളുടെ ലഭ്യത, വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളുടെ സംയോജന സാധ്യതകൾ തുടങ്ങിയവ സംബന്ധിച്ച് വിശദമായി രേഖപ്പെടുത്തേണ്ടതാണ്.

## V. ഗുണഭോക്താക്കൾക്കുള്ള ബോധവൽകരണം

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രജിസ്റ്റർ ചെയ്യപ്പെട്ട ഗുണഭോക്താക്കൾക്കായി ലൈഫ് മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ, ഭവന നിർമ്മാണ പ്രവർത്തനങ്ങൾ, ഗുണഭോക്താവിന്റെ പങ്കാളിത്തം, മൈക്രോപ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത, രീതി, ശാസ്ത്രം എന്നിവ സംബന്ധിച്ച

ബോധവത്കരണ ക്ലാസ് പ്രത്യേക പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

## VI. ഫണ്ട് വകയിരുത്തൽ

പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒഴികെയുള്ളവർക്കായുള്ള പണി തീരാത്ത വീടുകളുടെ പൂർത്തീകരണത്തിന് ഏത് ഭവന പദ്ധതിയിൽ ആരംഭിച്ചവയാണെങ്കിലും നിലവിൽ യൂണിറ്റ് കോസ്റ്റ് നാല് ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. നൽകാനുള്ള ബാക്കി തുകയുടെ ആനുപാതിക വർദ്ധനവ് ഭവന പൂർത്തീകരണത്തിന് നൽകാവുന്നതുമാണ്. (ഉദാ. ഒരു ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 50000 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ബാക്കി രണ്ട് ലക്ഷം രൂപയ്ക്ക് അർഹതയുണ്ടായിരിക്കും.) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് യഥാർത്ഥ നിർമ്മാണ ചെലവിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതിലേക്കായി റ്റി.പി.റ്റി.എകൾ ഓരോ ഭവനവും സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പ്രസ്തുത സ്ഥലത്ത് സാധന സാമഗ്രികൾ എത്തിക്കുന്നതിനുള്ള കൂലിയുൾപ്പെടെയുള്ള മുഴുവൻ ചെലവുകളും ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്. (ഉദാ. ഒരു ഗുണഭോക്താവ് ലിന്റിൽ മട്ടം വരെ വർഷങ്ങൾക്ക് മുമ്പ് പണി പൂർത്തിയാക്കിയിട്ടുള്ളതാണ്. കാലപ്പഴക്കംകൊണ്ട് ബേസ്മെന്റിനു മാത്രമേ നിലവിൽ ഉറപ്പുള്ളൂവെന്ന് റ്റി.പി.റ്റി.എ സാക്ഷ്യപ്പെടുത്തുന്നുവെങ്കിൽ ബേസ്മെന്റിനു മുകളിലുള്ള ഭാഗം പൊളിച്ചുകളയുന്നതിന് ഉൾപ്പെടെയുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്തേണ്ടതാണ്.)

നിശ്ചിത യൂണിറ്റ് നിരക്കിന് അധികമായി തുക നൽകേണ്ടിവരുന്ന ഗുണഭോക്താക്കൾക്കും (സ്വയം പൂർത്തീകരിക്കാനാകാത്ത ഗുണഭോക്താക്കൾ) യൂണിറ്റ് നിരക്കിന് പരിധി നിശ്ചയിച്ചിട്ടില്ലാത്ത പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും റ്റി.പി.റ്റി.എ നിശ്ചയിച്ച് നൽകുന്ന തുക ഖണ്ഡിക VII ബി-യിൽ പരാമർശിച്ചിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനതല കർമ്മ സമിതി പരിശോധിച്ച് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. ഭരണ സമിതി ഓരോ ഗുണഭോക്താവിനും നൽകേണ്ടുന്ന തുക സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളേണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പൂർത്തീകരണത്തിനാവശ്യമായ മുഴുവൻ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ /വകുപ്പുകൾ വകയിരുത്തേണ്ടതാണ്. എന്നാൽ സ്വയം പൂർത്തീകരിക്കാൻ കഴിയാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ അധികമായി വരുന്ന തുക പ്രാദേശിക വിഭവ സമാഹരണത്തിലൂടെ കണ്ടെത്തേണ്ടതാണ്.

പണി പുനരാരംഭിക്കുന്നതിന് സഹായകരമായി പുതുക്കിയ ധനസഹായ നിരക്കിൽ വരുന്ന ആദ്യ ഗഡുവോ അതിലൊരു ഭാഗമോ മുൻകൂറായി

നൽകാവുന്നതാണ്. ഇതു കണക്കാക്കേണ്ട രീതി അനുബന്ധം I ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ഭവന പദ്ധതികൾക്കായി/ലൈഫ് പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ രൂപീകരിച്ചിട്ടുള്ളതാണ്. ആവശ്യമുള്ള പക്ഷം ഭേദഗതി നടപടികൾ സ്വീകരിക്കാവുന്നതാണ്.
2. നിലവിൽ ഭവന പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ആവശ്യമായ തുക പദ്ധതി ഭേദഗതി വരുത്തി വകയിരുത്തേണ്ടതാണ്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകാല ഭവനപദ്ധതികൾക്കായി ചെലവഴിച്ചതിനുശേഷം കൈവശമുള്ള തുക, പലിശ എന്നിവ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് വിനിയോഗിക്കാവുന്നതാണ്. ജില്ലകൾക്കകത്തുള്ള ഏത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും പ്രസ്തുത തുക വിനിയോഗിക്കാവുന്നതാണ്. എന്നാൽ കേന്ദ്രാവിഷ്കൃത ഭവന പദ്ധതികളുടെ മിച്ചമുള്ള തുക, പലിശ എന്നിവ പ്രസ്തുത പദ്ധതിക്കുവേണ്ടി മാത്രം വിനിയോഗിക്കേണ്ടതാണ്. മറ്റ് വകുപ്പുകൾ മുഖേന നടപ്പിലാക്കിയവയിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ബന്ധപ്പെട്ട വകുപ്പുകളുടെ ബജറ്റ് വിഹിതം വിനിയോഗിക്കാവുന്നതാണ്. ഇതിനുപരിയായി വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ കൈവശമുള്ള ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.
4. ഒരു ഗ്രാമ പഞ്ചായത്തിനെ 'പൂർണ്ണമായും താമസ യോഗ്യമായ ഭവനങ്ങളുള്ള' ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ മുഴുവൻ തുകയും പരിധിയില്ലാതെ ടി ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള അനുവാദം ബന്ധപ്പെട്ട ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഉണ്ടായിരിക്കുന്നതാണ്.

## VII. കർമ്മ സമിതികളുടെ രൂപീകരണം.

സ്വയം പൂർത്തീകരിക്കാൻ കഴിയാത്ത ഗുണഭോക്താക്കളുടെ വീടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജനകീയ പങ്കാളിത്തം അനിവാര്യമാണ്. ഇതിനായി വിപുലമായ കർമ്മ സമിതികൾ തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുതലം മുതൽ രൂപീകരിക്കണം, കർമ്മ സമിതിയംഗങ്ങൾ കക്ഷിരാഷ്ട്രീയ

ചിന്തകൾക്കതീതമായി സേവന തൽപരരായി പ്രവർത്തിച്ചാൽ മാത്രമെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുകയുള്ളു.

**വിവിധ കർമ്മ സമിതികൾ, ചുമതലകൾ**

എ) **വാർഡുതല കർമ്മ സമിതികൾ :**

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൂർത്തീകരിക്കാത്ത വീടുകൾ മൈക്രോപ്ലാൻ പ്രകാരം പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട വാർഡിലെ ജനപ്രതിനിധി ചെയർമാനും, അനുയോജ്യരായ ഉദ്യോഗസ്ഥരെ കൺവീനറായി ഉൾപ്പെടുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഡുതല കർമ്മ സമിതി രൂപീകരിക്കേണ്ടതാണ്. പ്രസ്തുത സമിതിയിൽ പഞ്ചായത്ത്/ നഗര സഭാപ്രദേശത്തെ ഓരോ വാർഡിനും സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുന്ന 10 പേരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കേണ്ടതും അതിൽ ഏറ്റവും കുറഞ്ഞത് 3 പേർ ഒരു ഗുണഭോക്താവിന്റെ ഭവന പരിശോധന റിപ്പോർട്ടിൽ ഒപ്പിട്ടിരിക്കേണ്ടതുമാണ്. നിലവിലെ ജനപ്രതിനിധികളെ കൂടാതെ മുൻകാലങ്ങളിൽ ജനപ്രതിനിധികളായിരുന്നവർ/ റിട്ട. ഉദ്യോഗസ്ഥർ (അദ്ധ്യാപകർക്ക് മുൻഗണന)/പരിസ്ഥിതി പ്രവർത്തകർ/നിർമ്മാണ രംഗത്ത് പരിചയമുള്ളവർ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവർ ഇത്തരത്തിലുള്ളവരെ സാമൂഹിക പ്രവർത്തകരായി കണക്കാക്കാവുന്നതാണ്.

**വാർഡുതല കർമ്മ സമിതി ചുമതലകൾ**

1. വാർഡിലെ പൂർത്തീകരിക്കാത്ത ഓരോ വീടിനും റ്റി.പി.റ്റി.എയുമായി ചേർന്ന് മൈക്രോ പ്ലാൻ തയ്യാറാക്കൽ
2. മൈക്രോ പ്ലാൻ പ്രകാരം പ്രസ്തുത വീടുകൾ പൂർത്തീകരിക്കുന്നതിന് അധിക വിഭവമായി കണ്ടെത്തേണ്ട തുക ഉൾപ്പെടെ വീടുനിർമ്മാണത്തിന് ആവശ്യമായ വിവിധ ഘടകങ്ങൾ പ്രാദേശികമായി സ്വരൂപിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി വിപുലമായ സംഘാടക സമിതി രൂപികരണ യോഗം വാർഡുതലത്തിൽ വിളിച്ചുചേർക്കൽ.
3. പ്രാദേശികമായി നിർമ്മാണ തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തൽ നിർമ്മാണ സാമഗ്രികൾ പ്രാദേശികമായി കുറഞ്ഞ നിരക്കിലും/ സൗജന്യമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.

4. വാർഡിലെ എല്ലാവരും ഭവനനിർമ്മാണ പൂർത്തീകരണത്തിൽ പങ്കാളികളാകുന്നവെന്ന് ഉറപ്പാക്കുക.

ബി) <u>തദ്ദേശസ്വയംഭരണ സ്ഥാപനതല കർമ്മ സമിതി</u>

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും പൂർത്തീകരിക്കാത്ത വീടുകളും പൂർത്തീകരിക്കുന്നതിനാവശ്യമായ കേന്ദ്രീകൃത പിന്തുണാ സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഒരുക്കിനൽകുന്നതിന് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർമാനും സെക്രട്ടറി കൺവീനറുമായ ഒരു സംഘാടക സമിതി രൂപീകരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മുഴുവൻ അംഗങ്ങൾ, ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ, എൽ.എസ്.ജി.ഡി എൻജിനീയർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി അക്രഡിറ്റഡ് എൻജിനീയർ, റ്റി.പി.റ്റി.എ പ്രതിനിധി, എസ്.സി, എസ്.ടി പ്രമോട്ടർമാർ, വിവിധ രാഷ്ട്രീയ പാർട്ടികളുടെ പഞ്ചായത്ത്തല/ നഗരസഭതല ഭാരവാഹികൾ, യുവജനസംഘടനകളുടെ/ ട്രേഡ് യൂണിയനുകളുടെ തദ്ദേശസ്വയംഭരണ സ്ഥാപനതല ഭാരവാഹികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി നടപ്പിലാക്കിയ വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ, വ്യവസായ/ കച്ചവട സംഘടനകളുടെ പ്രതിനിധികൾ എന്നിവർ കർമ്മ സമിതിയിൽ അംഗങ്ങൾ ആയിരിക്കുന്നതാണ്.

<u>തദ്ദേശസ്വയംഭരണ സ്ഥാപനതല കർമ്മ സമിതി ചുമതലകൾ</u> : -

a) വാർഡുതല മൈക്രോപ്ലാൻ ക്രോഡീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതല കർമ്മപദ്ധതി തയ്യാറാക്കൽ.

b) <u>ഭവനനിധി ആരംഭിക്കൽ</u>

വീടുകളുടെ പൂർത്തീകരണത്തിന് അധികമായി ആവശ്യമായ തുക കണ്ടെത്തുന്നതിനും അത് നിക്ഷേപിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് 'ഭവനനിധി' എന്ന പേരിൽ ആരംഭിക്കേണ്ടതാണ്. പ്രസ്തുത അക്കൗണ്ടിലേക്ക് ധനസമാഹരണത്തിന് ആവശ്യമായ പ്രചാരണപ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ, സ്ഥാപനങ്ങൾ നടത്തേണ്ടതാണ്. സംഭാവനകൾ സ്വീകരിക്കുന്നതിലേക്കായി വാർഡുതലത്തിൽ കർമ്മ സമിതികൾ രൂപീകരിക്കാവുന്നതാണ്. ഇത്തരത്തിൽ സ്വരൂപിക്കുന്ന തുക പ്രസ്തുത വാർഡിലെ ഭവനങ്ങളുടെ പൂർത്തീകരണത്തിന് വിനിയോഗിക്കാവുന്നതും അധികം വരുന്നത് മറ്റ് ഭവനങ്ങളുടെ

പൂർത്തീകരണത്തിന് നൽകാവുന്നതാണ്. തുകയുടെ വിനിയോഗം മുഴുവനായും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആരംഭിക്കുന്ന ഭവനനിധി അക്കൗണ്ട് മുഖാന്തിരമായിരിക്കേണ്ടതാണ്.

c) <u>മെറ്റീരിയൽ കളക്ഷൻ സെന്റർ</u> –

വീടുകളുടെ നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ വസ്തുക്കൾ പ്രാദേശികമായും സൗജന്യമായും സ്വരൂപിച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും കൂടാതെ ഗുണനിലവാരമുള്ള നിർമ്മാണ വസ്തുക്കളുടെ ഏകീകൃത നിരക്കിലുള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ഒരു മെറ്റീയരിൽ കളക്ഷൻ സെന്റർ തദ്ദേശസ്വയംഭരണ സ്ഥാപനതല കർമ്മ സമിതിയുടെ മേൽനോട്ടത്തിൽ പ്രവർത്തിപ്പിക്കേണ്ടതാണ്.

d) <u>ലേബർ സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിക്കൽ/രൂപീകരണം.</u>

ഭവന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും വ്യത്യസ്ഥങ്ങളായ നിർമ്മാണ തൊഴിലുകളിൽ (മേസൻ, കർപ്പെന്റർ മുതലായവ) ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ യോഗം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിളിച്ചുചേർത്ത് ഇവരെ ഉൾപ്പെടുത്തി ലേബർ സൊസൈറ്റികൾ രൂപീകരിച്ച് ഇത്തരം സൊസൈറ്റിയിലെ അംഗങ്ങളുടെ പങ്കാളിത്തത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

e) <u>തദ്ദേശസ്വയംഭരണ സ്ഥാപനതല സഹായ കേന്ദ്രങ്ങൾ</u>

ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നടപ്പിലാക്കുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ജില്ലാ ലൈഫ് മിഷൻ, സംസ്ഥാന ലൈഫ് മിഷൻ എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് സമയബന്ധിതമായി പരിഹാരം കാണുന്നതിനുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പാർപ്പിട വർക്കിംഗ് ഗ്രൂപ്പ് ചുമതല വഹിക്കേണ്ടതാണ്.

f) <u>സംയോജന പദ്ധതി തയ്യാറാക്കൽ</u>

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിന് ലഭ്യമാക്കാൻ കഴിയുന്ന വിവിധ കേന്ദ്ര, സംസ്ഥാന ആവിഷ്കൃത പദ്ധതികളുടെ (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, എസ്.ബി.എം മുതലായവ) സംയോജന സാധ്യതകൾ ഓരോ ഗുണഭോക്താവിനും ലഭ്യമാകുന്ന രീതിയിൽ മൈക്രോ പ്ലാനിൽ ഉൾപ്പെടുത്തി കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. ഇത്തരത്തിൽ ഉൾപ്പെടുത്തുന്ന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ക്രോഡീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതല ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണ്.

g) തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തുന്ന ഭവന പൂർത്തീകരണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങൾ ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കുക.

<u>സി. ബ്ലോക്ക്തല കർമ്മ സമിതി</u>

ഓരോ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തേയും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നടക്കുന്ന ഭവന പൂർത്തീകരണത്തിനാവശ്യമായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കി നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറും ആയ ബ്ലോക്കുതല കർമ്മ സമിതി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഈ സമിതിയിൽ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും, ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ അംഗങ്ങൾ, ബ്ലോക്കിലെ എൽ.എസ്.ജി.ഡി എ.എക്സ്.ഇ, പട്ടികജാതി വികസന ഓഫീസർ, ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്), ജോയിന്റ് ബി.ഡി.ഒ (ആർ.എച്ച്) ബ്ലോക്ക് പ്ലാൻ കോ-ഓർഡിനേറ്റർ എന്നിവർ അംഗങ്ങളായിരിക്കും.

<u>ബ്ലോക്ക്തല കർമ്മ സമിതി ചുമതലകൾ</u>

a. <u>ബ്ലോക്ക്തല കൺവെർജൻസ് പ്ലാൻ തയ്യാറാക്കുക</u>

ഓരോ ഗ്രാമപഞ്ചായത്തും തയ്യാറാക്കുന്ന പഞ്ചായത്ത്തല കർമ്മ പരിപാടിയിൽ ഉൾപ്പെട്ട വ്യത്യസ്ഥ കൺവെർജൻസ് പ്ലാൻ പ്രകാരമുള്ള സഹായങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് വിപുലമായ ബ്ലോക്കുതല കർമ്മ പരിപാടി തയ്യാറാക്കി നടപ്പിലാക്കുന്നു.

b. **വിദഗ്ദ്ധ, അർദ്ധവിദഗ്ദ്ധ, അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള വൈദഗ്ദ്ധ്യ പരിശീലനം.**

ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ലഭ്യമായ നിർമ്മാണ മേഖലയിലെ വിദഗ്ദ്ധ, അർദ്ധവിദഗ്ദ്ധ, അവിദഗ്ദ്ധ തൊഴിലാളികൾക്ക് പ്രധാനമന്ത്രി കൗശൽ കേന്ദ്ര, ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ), കുടുംബശ്രീ, കമ്മ്യൂണിറ്റി പോളിടെക്നിക്, എൻജിനീയറിംഗ് കോളേജുകൾ എന്നിവയുടെ സഹായത്തോടെ വൈദഗ്ദ്ധ്യപരിശിലനം നൽകി ലൈഫ് മിഷന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു.

c. **റ്റി.പി.റ്റി.എകളുടെ ഏകോപനം**

ഓരോ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തും ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ റ്റി.പി.റ്റി.എകളുടെ പ്രവർത്തനം ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ലഭ്യമാക്കുന്നതിന് ആവശ്യമായ ഏകോപന പ്രവർത്തനങ്ങൾ ബ്ലോക്ക്തല സംഘാടക സമിതിയുടെ മേൽനോട്ടത്തിൽ നടത്തുന്നതാണ്.

d. **ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി സംബന്ധിച്ചുള്ള പ്രചാരണം, ബോധവൽകരണം.**

സംസ്ഥാന സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായുള്ള പ്രധാന പദ്ധതിയായ ലൈഫ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ, ജനകീയ പങ്കാളിത്തം എന്നിവ സംബന്ധിച്ചുള്ള വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ ബ്ലോക്കുതല കർമ്മ സമിതിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കാവുന്നതാണ്.

**ഡി. ജില്ലാതല കർമ്മ സമിതി**

ഓരോ ജില്ലയിലും നടക്കുന്ന ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല അതത് ജില്ലാ മിഷനുകളിൽ നിക്ഷിപ്തമായിരിക്കും. ഇതിൽ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ചുമതലയുള്ള മുഴുവൻ ജില്ലാതല ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തേണ്ടതാണ്.

**ജില്ലാതല കർമ്മ സമിതി ചുമതലകൾ**

a. മോണിറ്ററിംഗ് – ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

b. ജില്ലാതല പരാതി പരിഹാര സംവിധാന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

c. സി.എസ്.ആർ, ഉൾപ്പെടെയുള്ള വിഭവ സമാഹരണം ജില്ലാതലത്തിൽ ഏകോപിപ്പിക്കുക.

d. ഗുണനിലവാരമുള്ളള നിർമ്മാണ സാമഗ്രികൾ ജില്ലാതലത്തിൽ ഏകീകൃത വിലനിലവാരത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

e. സമയബന്ധിതമായി നിർവ്വഹണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

## VIII. ടി.പി.ടി.എയുടെ ചുമതലയും പങ്കാളിത്തവും

ഗ്രാമപ്രദേശങ്ങളിൽ ലൈഫ് മിഷനുവേണ്ടി (തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസി) ടി.പി.ടി.എയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ ഇതിലേയ്ക്കായുള്ള മേൽനോട്ട ചുമതലകൾ വഹിക്കേണ്ടതാണ്. ടി.പി.ടി.എകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി വ്യവസ്ഥകൾ നിശ്ചയിച്ച് ധാരണപത്രം ഒപ്പിടേണ്ടതാണ്. നേരിട്ട് നിർമ്മാണം നടത്താൻ കഴിയുന്ന ഗുണഭോക്താക്കൾക്ക് ടി.പി.ടി.എ സേവനം ഉപയോഗിക്കേണ്ടതില്ല. എന്നാൽ നേരിട്ട് നിർമ്മാണം നടത്താൻ കഴിയാത്തവരും നിർമ്മാണത്തിന് സർക്കാർ നൽകുന്ന ധനസഹായത്തിന് ഉപരിയായി തുക കണ്ടെത്തേണ്ടി വരുന്ന സാഹചര്യത്തിലും മാത്രം ടി.പി.ടി.എ യുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

*ടി.പി.ടി.എയുടെ പ്രധാന ചുമതലകൾ ചുവടെ ചേർക്കുന്നു.*

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈമാറുന്ന ഗുണഭോക്താക്കളുടെ ഭാഗികമായി പൂർത്തീകരിച്ച ഭവനങ്ങൾ മുഴുവൻ സന്ദർശിച്ച് നിർമ്മിച്ച ഭാഗത്തിന് മുകളിൽ/ വശങ്ങളിൽ തുടർനിർമ്മാണം സാദ്ധ്യമാണോ എന്ന ശാസ്ത്രീയമായ റിപ്പോർട്ട് നൽകുക. ഇത്തരത്തിൽ പരിശോധന നടത്തുമ്പോൾ മൂന്ന് സാദ്ധ്യതകൾ ഉണ്ടാകാവുന്നതാണ്.

   എ) ഒരു ശക്തിപ്പെടുത്തലും ഇടപെടലും ഇല്ലാതെ തുടർനിർമ്മാണം സാദ്ധ്യമാണ്.

   ബി) നിലവിലെ നിർമ്മാണം പൂർണ്ണമായും പൊളിച്ചുകളഞ്ഞ് പുതിയ ഭവനം നിർമ്മിക്കുക.

   സി) നിലവിലെ നിർമ്മാണത്തിൽ ചില ഇടപെടലുകൾ /ശക്തിപ്പെടുത്തലുകൾ / ചെറിയ ഭാഗം പൊളിച്ചുകളഞ്ഞ്

തുടർനിർമ്മാണം നടത്തുക. ഇത്തരം സാഹചര്യത്തിൽ കൃത്യമായ നടപടികൾ/ ഇടപെടലുകൾ എന്തായിരിക്കണം എന്നത് റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്.

2. പൂർത്തീകരണത്തിന് ആവശ്യമാകുന്ന സാധന സാമഗ്രികൾ/ തുക എന്നിവ സംബന്ധിച്ച മുഴുവൻ വിവരങ്ങൾ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

3. മൈക്രോപ്ലാൻ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക.

4. സ്വയം നിർമ്മാണം നടത്താൻ കഴിയാത്ത ഭവനങ്ങളുടെ കാര്യത്തിൽ (കരാർ മുഖേന നിർമ്മാണം നടത്തുന്ന) ഭവനങ്ങളുടെ പൂർത്തീകരണത്തിൽ ആവശ്യമായ മോണിറ്ററിംഗ്/ ഗുണനിലവാരം ഉയർത്തുന്നതിനാവശ്യമായ ഉപദേശം നൽകുക. പൂർത്തിയാകുമ്പോൾ പൂർത്തീകരണ റിപ്പോർട്ട് നൽകുക.

5. റ്റി.പി.റ്റി.എ ഏകദേശ എസ്റ്റിമേറ്റ് സഹിതം പരിശോധനാ റിപ്പോർട്ട് നൽകേണ്ടതാണ്. പ്രൊഫോർമ അനുബന്ധം II ആയി ഉൾക്കൊള്ളിക്കുന്നു.

റ്റി.പി.റ്റി.എയുടെ സേവനം ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ലഭ്യമാകാത്തപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എൻജിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ/ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എൻജീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ/ നിലവിൽ ലഭ്യമാകുന്ന മറ്റ് എൻജിനീയറിംഗ് വിഭാഗക്കാർ എന്നിവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുമതലകൾ വിഭജിച്ച് നൽകേണ്ടതാണ്.

## IX. നിർവ്വഹണ രീതി

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ജനകീയ പങ്കാളിത്തത്തോടൊപ്പം വളരെയധികം പ്രാധാന്യമേറിയതാണ് വിവിധ വകുപ്പുകളിലെ ഭവന നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെ സജീവമായ ഇടപെടൽ. വികേന്ദ്രീകൃതാസൂത്രണ പദ്ധതി മാർഗ്ഗ രേഖയിൽ നിലവിൽ ഭവനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തിയിട്ടുള്ളവർ തന്നെ ഈ പ്രവർത്തനങ്ങൾക്കും ചുമതല വഹിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിലവിൽ ടി നിർവ്വഹണ ഉദ്യോഗസ്ഥൻ ഇല്ലാത്തപക്ഷം തദ്ദേശസ്വയംഭരണ സമിതി നിശ്ചയിക്കുന്ന മറ്റൊരു നിർവ്വഹണ ഉദ്യോഗസ്ഥന് ഇതിന്റെ പൂർണ്ണ ചുമതല നൽകാവുന്നതാണ്. നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും റ്റി.പി.റ്റി.എയും തദ്ദേശസ്ഥാപന കർമ്മ സേനയുമായും യോജിച്ച് പ്രവർത്തിച്ച്

നിർമ്മാണം പൂർത്തീകരിക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഇവരിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ ആവശ്യമായ ഉപദേശങ്ങൾ ഗുണഭോക്താക്കൾക്ക് നൽകുന്നതോടൊപ്പം സാധന സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് യുക്തമായ തീരുമാനമെടുക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. സ്വയം നിർമ്മാണം നടത്താൻ കഴിയുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ആദ്യഘട്ട പരിശോധന നടത്തി റിപ്പോർട്ട് നൽകിയാൽ മതിയാകുന്നതാണ്.

## X.<u>പൂർത്തീകരണം</u>

ലൈഫ് മിഷന്റെ ആദ്യഘട്ട പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം. ആയത് സമയബന്ധിതമായി ചെയ്തു തീർക്കണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവമായ പങ്കാളിത്തവും മേൽനോട്ടവും പൊതുജനങ്ങളുടെ പങ്കാളിത്തവും ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്.

മിഷൻ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുതിന് ഒരു സമയക്രമം ആവശ്യമാണ്. ആയത് അനുബന്ധം III ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത സമയക്രമം പാലിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2018 മാർച്ച് 31-ന് മുമ്പായി പണി പൂർത്തീകരിച്ച് പൂർത്തീകരണ റിപ്പോർട്ട് നൽകേണ്ടതാണ്.

പൂർത്തീകരിക്കുന്ന ഓരോ ഭവനത്തിന്റെയും ഗുണഭോക്താവിനോടൊപ്പമുള്ള ഫോട്ടോ ലൈഫ് മിഷൻ എം.ഐ.എസിൽ രേഖപ്പെടുത്തേണ്ടതാണ്. പൂർത്തീകരണ റിപ്പോർട്ടിൽ ഗുണഭോക്താക്കുളുടെ പേര്, ചെലവായ തുക, സംഭാവനയായി ലഭിച്ച തുക, സന്നദ്ധ സേവനം ചെയ്ത തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനം, സംഭാവനയായി ശേഖരിച്ച സാധന സാമഗ്രികൾ, ഏറ്റെടുത്ത നൂതനമായ പ്രവൃത്തികൾ എന്നിവ ഉൾക്കൊള്ളിക്കേണ്ടതാണ്.

ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് സാമൂഹിക ഓഡിറ്റ് നടത്തേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപന ആസൂത്രണ, കമ്മിറ്റിയിലെ എക്സ് ഒഫിഷ്യോ അല്ലാത്ത ഒരംഗം, ഓഡിറ്റ് കമ്മറ്റിയുടെ ചെയർമാനും സി.ഡി.എസ് ചെയർ പേഴ്സൺ, മൂന്ന് ഗുണഭോക്താക്കൾ, ഒരു റിട്ട. ഉദ്യോഗസ്ഥൻ, മുൻ ജനപ്രതിനിധി എന്നിവരടങ്ങുന്ന ഏഴംഗ കമ്മറ്റിയായിരിക്കണം ഓഡിറ്റ് കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ. ഇവർ പൂർത്തീകരിച്ച ഭവനങ്ങൾ സന്ദർശിച്ച് ഗുണഭോക്താക്കൾ,

സംഭാവന നൽകിയവർ, മാനുഷിക വിഭവം നൽകിയവർ എന്നിവരുമായി ആശയ വിനിമയം നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

റിപ്പോർട്ട് തയ്യാറാക്കുന്നതിന് 100 വരെ ഭവനങ്ങളുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു ദിവസവും 500 വരെയുള്ള സ്ഥലങ്ങളിൽ രണ്ട് ദിവസവും 500–ന് മുകളിൽ മൂന്ന് ദിവസവും ഔദ്യോഗിക വാഹനം / വാടക വാഹനം നൽകേണ്ടതാണ്. കൂടാതെ ഓഡിറ്റ് കമ്മറ്റിയുടെ പ്രവർത്തനത്തിനായി ഗ്രാമ /ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്ക് 2000 രൂപയും, നഗരസഭകൾക്ക് 3000 രൂപയും കോർപ്പറേഷനുകൾക്ക് 5000 രൂപയും ചെലവഴിക്കാവുന്നതാണ്.

# അനുബന്ധം - I

## പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള യൂണിറ്റ് കോസ്റ്റിന്റെ നാലുഗഡുക്കളായുള്ള തരം തിരിവും പുതിയനിരക്കിൽ ധനസഹായം കണക്കാക്കേണ്ട രീതിയും

പട്ടിക-1

| നിർമ്മാണ ഘട്ടം | അനുവദനീയമായ ധന സഹായ നിരക്ക് (%) | ആകെ ധനസഹായം നാലുലക്ഷം എന്ന നിരക്കിൽ ഓരോ ഗഡുവിലും അനുവദിക്കാവുന്ന തുക (രൂപ) | ഓരോ സ്റ്റേജിലും വച്ച് ബാക്കി ലഭ്യമാക്കാവുന്ന ആകെ ധനസഹായം (രൂപ) |
|---|---|---|---|
| ബേയ്സ്‌-മെന്റ് പൂർത്തിയാകുമ്പോൾ | 10 | 40,000.00 | 3,60,000.00 |
| ചുമരുകൾ മേൽക്കൂര നിരപ്പ് വരെ പൂർത്തിയാകുമ്പോൾ | 45 | 1,80,000.00 | 1,80,000.00 |
| മേൽക്കൂര പൂർത്തിയാകുമ്പോൾ | 25 | 1,00,000.00 | 80,000.00 |
| ഫിനിഷിങ്ങ് പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ | 20 | 80,000.00 | 0 |

പട്ടിക-2

| പരിഗണനയിലുള്ള പൂർത്തീകരിക്കാത്ത വീടിന് നിലവിൽ (പഴയ സ്കീമിൽ) ഏതു ഘട്ടം വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട് | ബാക്കി ലഭ്യമാക്കാവുന്ന ആകെ ധനസഹായം (രൂപ) | വീടുപണി പുനരാരംഭിക്കുന്നതിന് മുൻ കൂറായി നൽകാവുന്ന തുക |
|---|---|---|
| ഘട്ടം 1 □ 10% മാത്രം (ബേയ്സ്‌-മെന്റ് വരെ) | 3,60,000.00 | 1,80,000.00 |
| ഘട്ടം 1, 2□ ആകെ 50% (ലിന്റൽ നിരപ്പ് വരെ) | 2,00,000.00 | 1,00,000.00 |
| ഘട്ടം 1, 2,3 □ ആകെ 55% (മേൽക്കൂര നിരപ്പ് വരെ) | 1,80,000.00 | 1,00,000.00 |
| ഘട്ടം 1, 2,3,4 □ ആകെ 80% (മേൽക്കൂര വരെ) | 80,000.00 | 40,000.00 |

# അനുബന്ധം – II

## പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

## റ്റി.പി.റ്റി.എ പരിശോധനാ റിപ്പോർട്ട്

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് :

റ്റി.പി.റ്റി.എ യുടെ പേര് :

വാർഡിന്റെ പേരും നമ്പരും :

| എ | ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ | | | | |
|---|---|---|---|---|---|
| 1 | ഗുണഭോക്താവിന്റെ പേര് | | | | |
| 2 | വിലാസം | | | | |
| 3 | റേഷൻ കാർഡ് നം | | | | |
| 4 | ആധാർ നം. | | | | |
| 5 | ഭവനം അനുവദിച്ച വർഷവും പദ്ധതിയുടെ പേരും | | | | |
| 6 | ഭൂമിയുടെ സർവ്വേ നമ്പർ | | | | |
| ബി | നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ | | | | |
| 1 | നിലവിൽ പൂർത്തായക്കിയ ഘട്ടം | ബേസ്മെന്റ് | ലിന്റിൽ | ഭിത്തി മട്ടം | മേൽക്കൂര |
| 2 | നിലവിലെ നിർമ്മിതിക്ക് മുകളിൽ നിർമ്മാണം സാദ്ധ്യമാണോ ? | അതേ/ അല്ല | | | |
| 3 | സാദ്ധ്യമല്ലായെങ്കിൽ | എ. പൂർണ്ണമായി പൊളിച്ചുനീക്കി പുതിയ നിർമ്മാണം നടത്തുക | | | |
| | | ബി. നിർമ്മാണം നടത്തിയ ഭാഗം ബലപ്പെടുത്തിതുടർ നിർമ്മാണം നടത്തുക. | | | |
| 4 | 400 ച. അടിയിൽ നിർത്തി ഭവനം പൂർത്തീകരണം സാദ്ധ്യമാണോ? | അതേ/ അല്ല | | | |
| 5 | 400 ച. അടിയിൽ നിർത്തി ഭവനം പൂർത്തീകരണം സാദ്ധ്യമല്ലാത്ത പക്ഷം അധികമായി വരുന്ന വിസ്തീർണ്ണം. | 400–425 | 426–450 | 451–500 | 500–ന് മുകളിൽ |
| 6 | നിർമ്മാണം പൂർത്തീകരിക്കാനെടുക്കുന്ന സമയം | ഒരു മാസം | 2 മാസം | 3 മാസം | 4 മാസം |
| 7 | പൂർത്തീകരിക്കാനാവശ്യമായ തുക (ഏകദേശ എസ്റ്റിമേറ്റ് സഹിതം) | | | | |

ഒപ്പ്
(റ്റി.പി.റ്റി.എ അംഗങ്ങൾ)

## നിർവ്വഹണ ഉദ്യോഗസ്ഥൻ പൂരിപ്പിക്കേണ്ടത്

1. പദ്ധതിയുടെ പേര് :
2. അനുവദിച്ചുനൽകുന്ന സമയത്തെ യൂണിറ്റ് നിരക്ക്. :
3. അനുവദനീയമായ പരമാവധി വിസ്തീർണ്ണം :
4. അനുവദിച്ചു നൽകിയ ആകെ തുക :
5. നാല് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുമ്പോൾ ലഭ്യമാകുന്ന അധിക ധനസഹായം :
6. ബാങ്ക് അക്കൗണ്ട് നമ്പരും വിശദാംശങ്ങളും :
7. അധികമായി പ്രതിപാദിക്കേണ്ടുന്ന വിവരങ്ങൾ :

ഒപ്പ്
(നിർവ്വഹണ ഉദ്യോഗസ്ഥൻ)

## അനുബന്ധം - III

| നം | പ്രവർത്തനങ്ങൾ | സമയക്രമം |
|---|---|---|
| 1 | വിവിധ സമിതികളുടെ രൂപീകരണം (വാർഡ്/ തദ്ദേശസ്വയംഭരണ സ്ഥാപനതല/ ബ്ലോക്ക്/ ജില്ലാതല സമിതികൾ) | ഒക്ടോബർ 19, 2017 |
| 2 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റ്റി.പി.റ്റി.എയുമായുള്ള ധാരണാപത്രം ഒപ്പുവയ്ക്കൽ | ഒക്ടോബർ 20, 2017 |
| 3 | ആവശ്യമാകുന്ന പക്ഷം വാർഷിക പദ്ധതികൾ ഭേദഗതി ചെയ്യുക. | ഒക്ടോബർ 25, 2017 |
| 4 | തദ്ദേശസ്വയംഭരണ സ്ഥാപനതല ഉപസമിതി ഭവന സന്ദർശനം നടത്തി റിപ്പോർട്ട് അന്തിമമാക്കൽ (നേരിട്ട് നിർമ്മാണം നടത്താൻ കഴിയുന്നവർ/ കഴിയാത്തവർ) | ഒക്ടോബർ 26, 2017 |
| 5 | സാധന സാമഗ്രികൾ ശേഖരിക്കുന്നതിലേയ്ക്കായി നേരിട്ട് നിർമ്മാണം നടത്തുന്ന ഗുണഭോക്താക്കൾക്ക് അഡ്വാൻസ് തുക നൽകൽ | ഒക്ടോബർ 28, 2017 |
| 6 | റ്റി.പി.റ്റി.എ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കൽ | ഒക്ടോബർ 31, 2017 |
| 7 | ഭവന പൂർത്തീകരണ പദ്ധതിയുടെ ആരംഭം/ ഉദ്ഘാടനം | നവംബർ 1, 2017 |
| 8 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കളുടെ പട്ടിക വാർഡ് സമിതിക്ക് കൈമാറുക (ഭവന നിർമ്മാണം നിലവിലെ നിർമ്മാണത്തിൽ നിന്നും തുടർന്നും സാദ്ധ്യമാണോ/ അല്ലയോ എന്നുള്ള റിപ്പോർട്ട് സഹിതം) | നവംബർ 5, 2017 |
| 9 | വാർഡ് സമിതി വാർഡ്തല കർമ്മ പദ്ധതി തയ്യാറാക്കൽ | നവംബർ 10, 2017 |
| 10 | തദ്ദേശസ്വയംഭരണ സ്ഥാപനതല കർമ്മ പദ്ധതി തയ്യാറാക്കൽ | നവംബർ 15, 2017 |
| 11 | സ്വയം നിർമ്മാണം നടത്താൻ കഴിയാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനായി കരാറുകാർ/ഏജൻസികൾ എന്നിവരെ കണ്ടെത്തി കരാർ ഒപ്പുവയ്ക്കൽ | നവംബർ 30, 2017 |
| 12 | മേൽക്കൂരമാത്രം നിർമ്മിക്കാനുള്ള കെട്ടിടങ്ങളുടെ പൂർത്തീകരണം | നവംബർ 30, 2017 |
| 13 | ലിന്റിൽ ലെവൽ എത്തിയ ഭവനങ്ങളുടെ പൂർത്തീകരണം. | ഡിസംബർ 15, 2017 |
| 14 | ബേസ്മെന്റിൽ നിന്നും 2 അടിവരെ (ജനൽ മട്ടം) നിർമ്മാണം നടത്തിയിട്ടുള്ള ഭവനങ്ങളുടെ പൂർത്തീകരണം | ജനുവരി 15, 2018 |
| 15 | ബേസ്മെന്റ് വരെ നിർമ്മാണം നടത്തിയ ഭവനങ്ങളുടെ പൂർത്തീകരണം | ഫെബ്രുവരി 15, 2018 |
| 16 | നിർമ്മാണ വേളയിൽ തടസ്സങ്ങൾ നേരിട്ട ഭവനങ്ങൾ ഉൾപ്പെടെ എല്ലാ ഭവനങ്ങളുടെയും പൂർത്തീകരണം | ഫെബ്രുവരി 28, 2018 |
| 17 | പൂർത്തീകരണ റിപ്പോർട്ട് (ഫോട്ടോ ഉൾപ്പെടെ) | മാർച്ച് 15, 2018 |
| 18 | സാമൂഹിക ഓഡിറ്റ് റിപ്പോർട്ട് | മാർച്ച് 31, 2018 |